# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2157 | 11/03/2020-ൽ മറുപടിക്ക്

**എൻ.ടി.പി.സി.യുമായുള്ള കരാറുമൂലം കെ.എസ്.ഇ.ബി.യ്ക്കുണ്ടാവുന്ന ധനനഷ്ടം**

| | ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഉപയോഗിക്കാത്ത വൈദ്യുതിക്ക് ഫിക്സഡ് കോസ്റ്റ് ഇനത്തിൽ മാസം 27 കോടി രൂപ തോതിൽ വർഷം 324 കോടി രൂപയും അഞ്ചു വർഷത്തേക്ക് 1620 കോടി രൂപയും കെ.എസ്.ഇ.ബി. കായംകുളത്തെ നാഷണൽ തെർമൽ പവർ കോർപ്പറേഷന് (എൻ.ടി.പി.സി.) നൽകേണ്ടി വരുമോ; | (എ) | സാധാരണ നിലയിൽ കേന്ദ്ര വൈദ്യുതി ഉൽപാദക നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് നിലയങ്ങളുമായി വിതരണ കമ്പനികൾ ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറിന്റേയും കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന റഗുലേഷൻ പ്രകാരവുമാണ്. 2015 മുതൽ കായംകുളം താപവൈദ്യുത നിലയം പ്രവർത്തിക്കുന്നില്ല. ഇങ്ങനെ പ്രവർത്തിക്കാത്ത കായംകുളം നിലയത്തിന് ഉയർന്ന ഫിക്സഡ് ചാർജ് നൽകുന്നത്, കെ.എസ്.ഇ.ബി.യ്ക്കും സംസ്ഥാനത്തിലെ ജനങ്ങൾക്കും ദോഷം ചെയ്യുന്നതിനാൽ ടി നിലയത്തിന്റെ ഫിക്സഡ് ചാർജ് കുറയ്ക്കുന്നതിനുവേണ്ടി ചർച്ചകൾ നടക്കുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഇപ്രകാരമുള്ള ചർച്ചകളനുസരിച്ച് ടി നിലയത്തിന്റെ ഫിക്സഡ് ചാർജ്ജ് 2014-19 കാലയളവിലേയ്ക്ക് പ്രതിവർഷം 200 കോടിയായി നിജപ്പെടുത്തി.<br><br>2019-24 കാലയളവിലെ ഫിക്സഡ് ചാർജ്ജ് നിജപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുള്ള ചർച്ചകൾ പുരോഗമിക്കുന്നു. പ്രവർത്തിപ്പിക്കാത്ത നിലയത്തിന് ഉയർന്ന ഫിക്സഡ് ചാർജ്ജ് നൽകാൻ കഴിയില്ല എന്നതുകൊണ്ട് എൻ.ടി.പി.സി.യോട് അവരുടെ നിലയത്തിലെ യഥാർത്ഥ ചിലവിന്റെ കണക്ക് നല്കാൻ ആവശ്യപ്പെടുകയുണ്ടായി. കായംകുളം നിലയത്തിന്റെ യഥാർത്ഥ ചിലവുകൾ മാത്രമെ കെ.എസ്.ഇ.ബി നല്കുകയുള്ളൂ എന്ന് എൻ.ടി.പി.സി.യെ അറിയിക്കുകയുണ്ടായി. എൻ.ടി.പി.സി. |

| | | | |
|---|---|---|---|
| | | | തങ്ങളുടെ ടി നിലയത്തിലുള്ള യഥാർത്ഥ ചെലവ് അറിയിക്കാത്തതിനാൽ പ്രതിവർഷം 62.35 കോടി രൂപ കണക്കിൽ മാത്രമേ കെ.എസ്.ഇ.ബി. എൻ.ടി.പി.സി.യ്ക്ക് ഫിക്സഡ് ചാർജ്ജ് നല്കുന്നുള്ളൂ. ടി തുക കായംകുളം നിലയത്തിന്റെ എകദേശ ചെലവായിട്ടാണ് കെ.എസ്.ഇ.ബി. കണക്കാക്കുന്നത്. ഇതിന് എൻ.ടി.പി.സി.യ്ക്ക് സമ്മതമല്ല. എന്നാൽ ഉയർന്ന ഫിക്സഡ് ചാർജ്ജ് നല്കി PPA തുടർന്നു പോകാൻ കെ.എസ്.ഇ.ബിയ്ക്കും താത്പര്യമില്ല. എൻ.ടി.പി.സി.യും കെ.എസ്. ഇ.ബി. യും തമ്മിൽ ഒരു ധാരണ ഉണ്ടായില്ലെങ്കിൽ PPA ഒഴിവാക്കുന്ന കാര്യവും കെ.എസ്.ഇ.ബി.എൽ. ആലോചിക്കുന്നുണ്ട്. |
| (ബി) | 2025 വരെയാണോ എൻ.ടി.പി.സി.യുമായി കരാറുള്ളത്; എങ്കിൽ ഇത് എത്രയും വേഗം അവസാനിപ്പിച്ചില്ലെങ്കിൽ കെ.എസ്.ഇ.ബി. വലിയ പ്രതിസന്ധിയിൽ അകപ്പെട്ടുമെന്ന് കരുതുന്നുണ്ടോ; കൂടാതെ ഈ പണം മുഴുവൻ സാധാരണക്കാരായ ജനം വൈദ്യുതി നിരക്കായി കെ.എസ്.ഇ.ബി.യ്ക്ക് നൽകേണ്ടി വരുമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 2025 വരെയാണ് എൻ.ടി.പി.സി.യുമായിട്ട് കെ.എസ്.ഇ.ബി-യ്ക്ക് കായംകുളം നിലയത്തിന്റെ PPA യുള്ളത്. ഉപയോഗിക്കാത്ത ഈ നിലയത്തിന്റെ ഫിക്സഡ് ചാർജ്ജ് എൻ.ടി.പി.സി. കുറച്ചില്ലെങ്കിൽ ടി നിലയത്തിന്റെ കരാർ ഉടൻ തന്നെ പുനഃപരിശോധിച്ച് നേരത്തേ നിറുത്തലാക്കാനുള്ള നടപടികൾ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ആലോചിച്ചു വരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ടി നിലയത്തിന്റെ ഫിക്സഡ് ചാർജ്ജ് 2018-19 കാലയളവു വരെ മാത്രമേ അനുവദിച്ചു തന്നിട്ടുള്ളൂ. 2019-20 മുതൽ അനുവദിച്ചു തരുന്നതല്ല എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ബാദ്ധ്യത കെ.എസ്.ഇ.ബി.യ്ക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കും. റഗുലേറ്ററി കമ്മീഷൻ താരീഫ് നിർണ്ണയിക്കുന്നതിൽ തുക ഉൾപ്പെടുത്താത്തത് ഈ സംഖ്യ താരീഫിൽ നേരിട്ട് പ്രതിഫലിക്കുകയില്ലെങ്കിലും ഇതിന്റെ അന്തിമ ബാദ്ധ്യത പൊതുജനങ്ങളെ ബാധിക്കുന്നതാണ്. |
| (സി) | കേരളത്തിന് പുറത്ത് നിന്നും കുറഞ്ഞ വിലക്ക് യഥേഷ്ടം വൈദ്യുതി ലഭിക്കുന്ന സാഹചര്യത്തിൽ പഴയ കരാറിന്റെ പേരിൽ കോടികളുടെ ബാധ്യത കെ.എസ്.ഇ.ബി. ഏറ്റെടുക്കേണ്ട കാര്യമുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | പുറമേ നിന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്നു എന്ന ഒറ്റക്കാരണത്താൽ കരാർ ലംഘനം നടത്തുന്നത് നിയമപ്രശ്നങ്ങൾക്ക് ഇടയാകും. എന്നിരുന്നാലും ഇത്തരം കൂടിയ ഫിക്സഡ് ചാർജ്ജ് നൽകി ഈ കരാർ തുടർന്നു കൊണ്ടു പോകുന്നത് പുന:പരിശോധിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനാൽ ടി കരാർ പുന:പരിശോധിക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടികൾ എടുത്തു തുടങ്ങിയിട്ടുണ്ട്. |
| (ഡി) | എൻ.ടി.പി.സി.യുമായി കായംകുളം താപവൈദ്യുത നിലയം സംബന്ധിച്ച കരാർ അവസാനിപ്പിച്ചാൽ കേരളത്തിൽ വൈദ്യുതി നിരക്ക് യൂണിറ്റിന് | (ഡി) | മേല്പറഞ്ഞ പ്രകാരം നിലവിൽ ഫിക്സഡ് ചാർജ്ജ് താരിഫിലേയ്ക്ക് വകയിരിത്തിയിട്ടില്ലാത്തതിനാൽ കരാർ അവസാനിപ്പിക്കുന്നത് പ്രത്യക്ഷത്തിൽ വൈദ്യുതി നിരക്കിൽ |

| | | |
|---|---|---|
| | പത്ത് പൈസ വരെ കുറയുമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാർ അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ? | വ്യതിയാനങ്ങളൊന്നും വരുത്തുന്നതല്ല. കായംകുളം നിലയം കേന്ദ്രഗവൺമെന്റ് സ്ഥാപനമായ എൻ.റ്റി. പി.സി. യുടെ ഉടമസ്ഥതയിലുള്ളതാണ്. കേന്ദ്രഗവൺമെന്റ് നിക്ഷേപമായതിനാൽ സംസ്ഥാന ഗവൺമെന്റിന്റെ അനുമതിയോടു കൂടി മാത്രമേ കരാർ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. മാത്രമല്ല, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുവാദവും വേണ്ടതാണ്. ആയതിനുള്ള നടപടികൾ കെ.എസ്.ഇ. ബി.എൽ. ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ